**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2396** **12.02.2020 ൽ മറുപടിയ്ക്ക്**

## കേരള സ്റ്റാർട്ടപ്പ് മിഷന്റെ പേറ്റന്റ് സഹായ പദ്ധതി

| ചോദ്യം<br>**ശ്രീ. എം. ഉമ്മർ** | | മറുപടി<br>**പിണറായി വിജയൻ**<br>**( മുഖ്യമന്ത്രി )** | |
|---|---|---|---|
| (എ) | കേരള സ്റ്റാർട്ടപ്പ് മിഷന്റെ പേറ്റന്റ് സഹായ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 14 വിദ്യാർത്ഥികൾ ഉൾപ്പടെ 64 സ്റ്റാർട്ടപ്പുകളിൽ നിന്നാണ് പേറ്റന്റ് സഹായത്തിനുള്ള അപേക്ഷ കേരള സ്റ്റാർട്ടപ്പ് മിഷനിൽ ലഭിച്ചിട്ടുള്ളത്. ഇതിൽ 12 സ്റ്റാർട്ടപ്പുകൾക്ക് ഇതിനോടകം പേറ്റന്റ് ലഭിക്കുകയും അതിൽ 7 സ്റ്റാർട്ടപ്പുകൾക്കായി 8 കോടിയോളം രൂപ പുറത്തുനിന്നുള്ള നിക്ഷേപം ലഭിക്കുകയും ചെയ്തിട്ടുണ്ട്. പേറ്റന്റ് സഹായം ലഭിച്ച 48 സ്റ്റാർട്ടപ്പുകൾ മികച്ച നിലയിൽ പ്രവർത്തിച്ച് വരുന്നു. ഇന്ത്യയിൽ ഏറ്റവും അധികം പേറ്റന്റുകൾ ലഭിക്കുകയും ഏറ്റവും കൂടുതൽ പേറ്റന്റ് സംബന്ധിച്ച പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തതിന് ടെക്നോളജി ഇന്നോവേഷൻ സോണിൽ പ്രവർത്തിക്കുന്ന മേക്കർ വില്ലേജിന് 2019 ൽ ബൗദ്ധിക സ്വത്ത് (Intellectual Property) പ്രൊമോഷൻ ഫൗണ്ടേഷന്റെ അവാർഡ് ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും പ്രസ്തുത പദ്ധതി മികച്ചതാണെന്ന് വിലയിരുത്താവുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയിലേക്ക് കൂടുതൽ സ്റ്റാർട്ടപ്പുകളെയും വിദ്യാർത്ഥികളെയും ആകർഷിക്കുന്ന തരത്തിൽ നിലവിൽ തിരികെ നൽകുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വിശദമാക്കാമോ; | (ബി) | ദേശീയ പേറ്റന്റുകൾക്ക് 2 ലക്ഷം രൂപ വരെയും വിദേശ പേറ്റന്റുകൾക്ക് 10 ലക്ഷം രൂപവരെയും എന്ന പരിധിയിൽ പേറ്റന്റിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് ചിലവഴിച്ച തുക സ്റ്റാർട്ടപ്പുകൾക്കും വിദ്യാർത്ഥികൾക്കും തിരികെ നൽകുന്നതാണ് കേരളാ സ്റ്റാർട്ടപ്പ് മിഷന്റെ പേറ്റന്റ് സഹായ പദ്ധതി. ഇപ്പോൾ തന്നെ മതിയായ തുക ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇതുമായി ബന്ധപ്പെട്ട് 2018-നു ശേഷം എന്തെല്ലാം പരിപാടികളാണ് സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിച്ചതെന്ന് അറിയിക്കാമോ? | (സി) | 2018 ന് ശേഷം പേറ്റന്റ് സഹായ പദ്ധതിയുമായി ബന്ധപ്പെട്ട് കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിച്ചിട്ടുള്ള പരിപാടികൾ താഴെ പറയുന്നവയാണ്:<br>i. ബൗദ്ധിക സ്വത്ത് (Intellectual Property) സംബന്ധിച്ച ക്ലാസ്സുകളും വർക് ഷോപ്പുകളും.<br>ii. നിയമ വിദഗ്ധർ ബൗദ്ധിക സ്വത്തുമായി ബന്ധപ്പെട്ട വിഷയത്തിൽ സ്റ്റാർട്ടപ്പുകളുമായി നേരിട്ട് സംവദിച്ച് സംശയ ദൂരീകരണം നടത്തുന്ന പരിപാടി.<br>iii. സ്റ്റാർട്ടപ്പ് ഇന്ത്യ പോർട്ടലുമായി ബന്ധപ്പെടുത്തുന്നതിനുള്ള സഹായം. |

Saju

**സെക്ഷൻ ഓഫീസർ**